ഇൻവെസ്റ്റിഗേഷൻ : ഇല്ല.

(ബി)

1.	റോഡുകളും പാലങ്ങളും	:	വിവരം ശേഖരിച്ചുവരുന്നു
2.	കെട്ടിട വിഭാഗം	:	25.4586 കോടി രൂപ.
3.	നാഷണൽ ഹൈവേ	:	1.03 കോടി രൂപ.
4.	ജലസേചനവും ഭരണവും	:	11.8475 കോടി രൂപ.
5.	ജലസേചനം പ്രോജക്ട് I	:	10.42 കോടി രൂപ.
6.	ജലസേചനം പ്രോജക്ട് II	:	13.31 കോടി രൂപ.
7.	ജലസേചനം പ്രോജക്ട് III	:	6.05 കോടി രൂപ.
8.	ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡ്	:	ഇല്ല.
9.	ഇറിഗേഷൻ ആന്റ് ഇൻവെസ്റ്റിഗേഷൻ	:	ഇല്ല.

(സി) ചോദ്യം പ്രസക്തമല്ല.

(ഡി) ബഹു കേരള ഹൈക്കോടതിയുടെ 26-10-2000-ലെ ഉത്തരവിൻ പ്രകാരം കോൺട്രാക്ടർമാരുടെ കുടിശ്ശിക 31-3-1999 വരെയുള്ളത് കൊടുത്തു തീർക്കുന്നതിലേക്കായി ഗവൺമെന്റിൽ നിന്നും 168.92 കോടി രൂപ നൽകുകയുണ്ടായി. കൂടാതെ (കാർട്ടലിയായി) ഓരോ വിഭാഗത്തിനും പ്രത്യേകമായി ലറ്റർ ക്രഡിറ്റ് പുറപ്പെടുവിക്കുകയും ചെയ്യുന്നുണ്ട്.

സംസ്ഥാനത്തിന്റെ ആസ്തിബാദ്ധ്യത

26 (414) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1995-96 മുതലുള്ള സംസ്ഥാനത്തിന്റെ ആസ്തിബാദ്ധ്യത കണക്കുകൾ വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തിന്റെ ആസ്തിബാദ്ധ്യത കണക്കുകൾ തുല്യമാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1995 മുതൽ 96 വരെയുള്ള സംസ്ഥാനത്തിന്റെ ആസ്തിബാദ്ധ്യത കണക്കുകൾ താഴെ കൊടുത്തിരിക്കുന്നു.

ആസ്തി	ബാദ്ധ്യത
(രൂപ കോടിയിൽ)	
1995 - 4,951	10,665
1996 - 4,086	12,116

LIBRARY ARCHIVES Kerala Legislative Assembly

1997 - 4,220	14,087
1998 - 4,642	16,423
1999 - 5,138	19,742

(ബി) സർക്കാർ നിക്ഷേപമായി സ്വീകരിച്ചിട്ടുള്ളതെല്ലാം ബാദ്ധ്യതയായും സർക്കാർ നൽകിയിട്ടുള്ളതെല്ലാം ആസ്തിയായിട്ടുമാണ് കണക്കാക്കുന്നത്. സർക്കാർ സ്വീകരിച്ചിട്ടുള്ള നിക്ഷേപം തിരിച്ചു നൽകുന്ന മുറയ്ക്ക് ക്രമീകരണം തുല്യമാക്കുന്നതാണ്.

ഡി.ഡബ്ല്യു.സി.ആർ.എ. ഉൽപ്പന്നങ്ങളെ വാണിജ്യ നികുതിയിൽ നിന്നും ഒഴിവാക്കാൻ നടപടി

27 (415) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പാവപ്പെട്ട സ്ത്രീകൾ സംഘംചേർന്ന് നടത്തുന്ന ഡി.ഡബ്ല്യു.സി.ആർ.എ. യുടെ ഉൽപ്പന്നങ്ങളെ വാണിജ്യ നികുതിയിൽ നിന്നും ഒഴിവാക്കണമെന്ന ആവശ്യം സർക്കാർ പരിഗണിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടി വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കോൺട്രാക്ടർമാർക്ക് നൽകുവാനുള്ള കുടിശ്ശിക

28 (416) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്തുവകുപ്പിലെ (റോഡുകളും പാലങ്ങളും കെട്ടിടങ്ങളും ഉൾപ്പെടെ) കോൺട്രാക്ടർമാർക്ക് 31-1-2001 -വരെ നൽകുവാനുള്ള കുടിശ്ശിക എത്രയാണെന്ന് വെളിപ്പെടുത്താമോ :

(ബി) ഈ തീയതി വരെ ജലസേചനവിഭാഗത്തിലെ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക എത്രയാണ് ;

(സി) റൂറൽ വർക്സ് വിഭാഗത്തിൽ എത്ര കുടിശ്ശികയുണ്ട് ;

(ഡി) പെൻഷൻകാർക്ക് കൊടുത്തുതീർക്കാനുള്ള മൊത്തം കുടിശ്ശിക എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ)

1.	റോഡുകളും പാലങ്ങളും	:	വിവരം ശേഖരിച്ചുവരുന്നു.
2.	കെട്ടിട വിഭാഗം	:	100.7128 കോടി രൂപ.
3.	നാഷണൽ ഹൈവേ	:	6.975 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly